പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1309

11/06/2019-ൽ മറുപടിയ്ക്ക്

## അമ്പലമുകൾ സർക്കാർ ഹയർസെക്കന്ററി സ്കൂൾ

| ചോദ്യം<br>**ശ്രീ.വി.പി.സജീന്ദ്രൻ** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊച്ചി റിഫൈനറിയുടെ വികസനവുമായി ബന്ധപ്പെട്ട് അമ്പലമുകൾ സർക്കാർ ഹയർസെക്കന്ററി സ്കൂൾ കെട്ടിടവും നാലര ഏക്കർ സ്ഥലവും റിഫൈനറി ഏറ്റെടുക്കുകയുണ്ടായോ; | (എ) ഇല്ല. |
| (ബി) ഉണ്ടെങ്കിൽ സ്കൂൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടവും സ്ഥലവും പ്രവർത്തന സജ്ജമായിട്ടുണ്ടോ; | (ബി) ബാധകമല്ല |
| (സി) കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള ഫണ്ട് കൊച്ചി റിഫൈനറിയിൽ നിന്നും നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് കിട്ടിയിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;<br>(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഫണ്ട് ലഭ്യമാക്കി സ്കൂൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) & (ഡി) അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ സഹായങ്ങൾ ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) ചെയ്യേണ്ടതാണെന്നും പരസ്പര കൈമാറ്റത്തിലൂടെ അധികമായി നൽകുന്ന 40 സെന്റിന്റെ വില ബി.പി.സി.എൽ (കൊച്ചിൻ റിഫൈനറി) സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി കുഴിക്കാട് ഗവൺമെന്റ് സ്കൂൾ നിൽക്കുന്ന മുഴുവൻ ഭൂമിയും (പുത്തൻകുരിശ്ശ് വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീ സർവ്വേ |

നമ്പർ 140-ൽപ്പെട്ട 2.18.50 ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമി) ഒറ്റപ്ലോട്ടായി ബി.പി.സി.എൽ ന് കൈമാറുന്നതിനും 5 ഏക്കർ 40 സെന്റ് വരുന്ന ടി സ്ഥലത്തിന് പകരമായി എഫ്.എ.സി.റ്റിയിൽ നിന്നും ബി.പി.സി.എൽ വിലയ്ക്ക് വാങ്ങിയ 5 ഏക്കർ സ്ഥലവും സ്കൂൾ കെട്ടിടവും അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി (കുഴിക്കാട്) സ്കൂളിനായി ഏറ്റെടുക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചു വരുന്നു.

Namitha T

**സെക്ഷൻ ഓഫീസർ**